ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:16-05-2025**

1. ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരവാദത്തെ ചെറുത്ത ഇന്ത്യ, ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ്
2. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.
3. ജമ്മുകശ്മീരിലെ അവന്തിപുര, ത്രാൽ പ്രദേശങ്ങളിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ രണ്ടു ദിവസമായി നടന്ന ഏറ്റുമുട്ടലിൽ ആറ് ഭീകരർ കൊല്ലപ്പെട്ടു.
4. മലപ്പുറത്ത് ടാപ്പിങ് തൊഴിലാളിയെ കൊന്ന നരഭോജി കടുവയെ പിടികൂടാനുള്ള ദൗത്യം ശക്തമാക്കി വനം വകുപ്പ്.
5. ഡെങ്കിപ്പനി പ്രതിരോധ നടപടികളുടെ പ്രധാന്യത്തിലൂന്നി ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം.
6. ദോഹയിൽ നടക്കുന്ന ഡയമണ്ട് ലീഗ് മീറ്റിൽ നിലവിലെ ലോക ചാമ്പ്യനായ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും.

RNU TVPM

*****************************

## രാജ്നാഥ് സിംഗ്-ഭുജ് സന്ദർശനം

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരവാദത്തെ ചെറുത്ത ഇന്ത്യ, ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ് - ഗുജറാത്തിലെ ഭുജിലെ വ്യോമത്താവളത്തിലെത്തിയ അദ്ദേഹം വ്യോമസേനാ ഉദ്യോഗസ്ഥരുമായി സംവദിക്കുകയാണ്.

**********************

## സൈനിക വാർത്താസമ്മേളനം

ജമ്മുകശ്മീരിലെ അവന്തിപൊര, ത്രാൽ പ്രദേശങ്ങളിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ രണ്ടു ദിവസമായി നടന്ന ഏറ്റുമുട്ടലിൽ ആറ് ഭീകരർ കൊല്ലപ്പെട്ടതായി സൈനികവൃത്തങ്ങൾ അറിയിച്ചു. അവന്തിപൂരിൽ പൊലീസും സൈന്യവും തമ്മിൽ സംഘടിപ്പിച്ച സംയുക്ത വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. മേഖലയിൽ ജാഗ്രത കർശനമാക്കിയിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു.

RNU TVPM

**********************

## സ്മാർട്ട് റോഡ് (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. വൈകുന്നേരം 4.30 ന് ഓൺലൈനായാണ് ഉദ്ഘാടനം. മന്ത്രി പി. എ മുഹമ്മദ് റിയാസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

**********************

## കോളറ മരണം

കോളറയുടെ ലക്ഷണങ്ങളുമായി തിരുവല്ല സ്വകാര്യ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന രോഗി മരിച്ചു. ആലപ്പുഴ തലവടി ഗ്രാമപ്പഞ്ചായത്ത് ആറാം വാർഡിൽ രഘു പി.ജി ആണ് ഇന്ന് പുലർച്ചെയോടെ മരിച്ചത്. കോളറയാണോയെന്ന് സ്ഥിരീകരിക്കുന്നതിന് സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും ഫലം വന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാൻ കഴിയുവെന്നും അധികൃതർ അറിയിച്ചു. മൃതദേഹം തിരുവല്ല സ്വകാര്യ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. സംസ്കാരം പിന്നീട് നടക്കും.

RNU TVPM

**********************

## മലപ്പുറം കടുവ

മലപ്പുറം കാളികാവിൽ ഇന്നലെ റബ്ബർ ടാപ്പിംഗ് തൊഴിലാളി ഗഫൂറിനെ ആക്രമിച്ചു കൊലപ്പെടുത്തിയ നരഭോജി കടുവയെ പിടികൂടാനുള്ള ദൗത്യം വനം വകുപ്പ് ശക്തമാക്കി. വനം വകുപ്പ് ചീഫ് വെറ്ററിനറി സർജൻ ഡോക്ടർ അരുൺ സക്കറിയയുടെ നേതൃത്വത്തിൽ പ്രത്യേക സംഘവും ആർആർടി സംഘവും സംയുക്തമായാണ് ദൗത്യത്തിന് നടപ്പിലാക്കുന്നത്. കടുവയെ പിടികൂടാനായി മുത്തങ്ങയിൽ നിന്ന് കുങ്കിയാനകളെ സ്ഥലത്തേക്ക് എത്തിച്ചിട്ടുണ്ട്. കടുവയുടെ സാന്നിധ്യം സ്ഥിരീകരിക്കാനായി പരിസരത്ത് 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. നിലവിൽ മൂന്ന് സംഘങ്ങളായി തിരിഞ്ഞാണ് വനപാലകർ കടുവയ്ക്കായി തിരച്ചിൽ നടത്തുന്നത്. ഇന്നലെ രാവിലെയാണ് ഗഫൂറിനെ കടുവ ആക്രമിച്ചത്.

**********************

## 900 കണ്ടി ഷെഡ് അപകടം

വയനാട് തൊള്ളായിരം കണ്ടിയിൽ റിസോർട്ടിലുണ്ടായ അപകടത്തിൽ വിനോദസഞ്ചാരി മരിച്ച സംഭവത്തിൽ രണ്ടുപേർ കസ്റ്റഡിയിൽ. നടത്തിപ്പുകാരായ സ്വച്ഛന്ത്, അനുരാഗ് എന്നിവരെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. ഇവർക്കെതിരെ മനപൂർവമല്ലാത്ത നരഹത്യക്ക് കേസ് എടുത്തു. പ്രതികളെ പൊലീസ് ചോദ്യം ചെയ്യുകയാണ്.

*********************

## പരം വീർ ചക്ര (ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയാഘോഷങ്ങൾക്കൊപ്പം ഇന്ത്യൻ സൈനികരുടെ ധീരതയെയും അഭിവാദ്യം ചെയ്ത് രാഷ്ട്രം. സായുധ സേനകളോടുള്ള ആദരസൂചകമായി കാർഗിൽ യുദ്ധത്തിൽ തൻറെ 24-ാം വയസ്സിൽ രാജ്യത്തിനായി ജീവൻ ത്യജിച്ച പരംവീർ ചക്ര ജേതാവ് ക്യാപ്റ്റൻ മനോജ് കുമാർ പാണ്ഡെയെക്കുറിച്ച് ആകാശവാണി വാർത്താ വിഭാഗം തയ്യാറാക്കിയ ഒരു റിപ്പോർട്ട്...

(വോയിസ്)

*********************

## തിരംഗ യാത്ര

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ സൈന്യത്തിന് അഭിവാദ്യം അർപ്പിച്ച് സംഘടിപ്പിക്കുന്ന തിരംഗ യാത്ര ഇന്ന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടക്കും. കൊച്ചി, കണ്ണൂർ, കോഴിക്കോട്,പാലക്കാട് എന്നിവിടങ്ങളിൽ തിരംഗ യാത്ര നടക്കുന്നുണ്ട്.

*********************

## കണ്ണൂർ - വിലക്ക് പിൻവലിച്ചു

കണ്ണൂർ ജില്ലയിൽ പടക്കങ്ങൾ, സ്ഫോടക വസ്തുക്കൾ എന്നിവ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും ഡ്രോൺ ഉപയോഗിക്കുന്നതിനും ഏർപ്പെടുത്തിയിരുന്ന വിലക്ക് പിൻവലിച്ചു. രാജ്യാതിർത്തിയിലെ വെടിനിർത്തലിന്റെയും സമാധാന അന്തരീക്ഷത്തിന്റെയും പശ്ചാത്തലത്തിലാണ് ജില്ലാ കലക്ടർ ഉത്തരവ് പിൻവലിച്ചത്.

**********************

## ഡെങ്കി ദിനം

ഇന്ന് ദേശീയ ഡെങ്കി ദിനം. 'ഡെങ്കിപ്പനി പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കാം: ഉറവിടങ്ങൾ പരിശോധിക്കുക, വൃത്തിയാക്കുക, മൂടിവെക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ഡെങ്കിപ്പനിയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന്, 2010 മുതലാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം മെയ് 16 'ദേശീയ ഡെങ്കിപ്പനി ദിനം' ആയി പ്രഖ്യാപിച്ചത്. പൊതുജനങ്ങളുടെ ശ്രദ്ധയും സഹകരണവും ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഡെങ്കിപ്പനി നിയന്ത്രണ വിധേയമാക്കാൻ സാധിക്കുകയുള്ളൂ.

RNUTVPM

**********************

## ഓർക്കിഡ് വസന്തം-കോഴിക്കോട് (ഇൻട്രോ)

കാപ്പാട് ബീച്ച് വാക്ക്-വേയിലെ മരങ്ങളിൽ ഓർക്കിഡ് വസന്തം തീർക്കാനൊരുങ്ങി മലബാർ ബോട്ടാണിക്കൽ ഗാർഡനും കോഴിക്കോട് ഡിടിപിസിയും.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

*********************

## എന്റെ കേരളം - വീണാ ജോർജ്ജ്

പത്തനംതിട്ട ജില്ലയിൽ എന്റെ കേരളം പ്രദർശന വിപണന കലാമേളയ്ക്ക് ഇന്ന് തുടക്കം. ശബരിമല ഇടത്താവളത്തിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും. മേയ് 22 വരെ നടക്കുന്ന മേളയിൽ പ്രവേശനം സൗജന്യമാണ്. രാവിലെ 10 മുതൽ രാത്രി ഒമ്പത് വരെയാണ് പ്രദർശന സമയം.

*********************

## ജാവലിൻ ത്രോ-നീരജ് ചോപ്ര

ഖത്തറിലെ ദോഹയിൽ നടക്കുന്ന ഡയമണ്ട് ലീഗ് മീറ്റിൽ ഒളിമ്പിക് മെഡൽ ജേതാവും ജാവലിൻ ത്രോയിൽ നിലവിലെ ലോക ചാമ്പ്യനുമായ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് ഇറങ്ങും. ദോഹയിൽ നീരജ് മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്നാണ് പ്രതീക്ഷ.

*********************

## അഭിഭാഷകയെ മർദ്ദിച്ച സംഭവം

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദ്ദിച്ച സംഭവത്തിൽ അഡ്വക്കേറ്റ് ബെയിലിൻ ദാസ് റിമാൻഡിൽ. രാവിലെ ബെയ്‌ലിൻ ദാസിനെ കോടതിയിൽ ഹാജരാക്കിയിരുന്നു. തിരുവനന്തപുരം പതിനൊന്നാം മജിസ്ട്രേറ്റ് കോടതിയിലാണ് പ്രതിയെ ഹാജരാക്കിയത്. ജൂനിയർ അഭിഭാഷക മർദ്ദിച്ചെന്ന് ബെയ്‌ലിൻ ദാസ് മൊഴി നൽകി.

*********************

## ഹജ്ജ് ക്യാമ്പ്

RNU TVPM

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രക്കാരുമായുള്ള ആദ്യ വിമാനം മന്ത്രി V അബ്ദുറഹ്മാൻ ഇന്ന് വൈകുന്നേരം ഫ്ലാഗ് ഓഫ് ചെയ്യും. ഹജ്ജ് കമ്മിറ്റി വഴി പോകുന്ന 16,015 തീർത്ഥാടകരിൽ 5,857 പേർ കൊച്ചി വിമാനത്താവളം വഴിയാണ് പോകുന്നത്. തമിഴ്നാട്ടിൽ നിന്ന് 199 പേരും ലക്ഷദ്വീപിൽ നിന്ന് 111 പേരും കൊച്ചി വഴിയാണ് പോകുന്നത്. ഈ മാസം 30 വരെയാണ് ഹജ്ജ് യാത്ര. അടുത്തമാസം 25 മുതൽ തീർഥാടകർ മടക്കയാത്ര ആരംഭിക്കും.

**********************

## സണ്ണി ജോസഫ്

വയനാട് ഡിസിസി ട്രഷറർ ആയിരുന്ന എൻ എം വിജയന്റെ കുടുംബത്തിന്റെ കടബാധ്യത വീട്ടുന്നതിന് തയ്യാറാകുമെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ്. കൽപ്പറ്റയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷയത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

**********************

## തളിപറമ്പ് ആക്രമണം

കോൺഗ്രസ് തളിപറമ്പ് മണ്ഡലം വൈസ് പ്രസിഡന്റ് കെ.ഇർഷാദിന്റെ വീടിന് നേരെ ഇന്നലെ അർദ്ധരാത്രി അക്രമമുണ്ടായി. വീടിന്റെ ജനൽചില്ലുകൾ തകർത്തു. വീട്ടിൽ നിർത്തിയിട്ടിരുന്ന കാറിനും കേടു വരുത്തി. സിപിഐഎം പ്രവർത്തകരാണ് അക്രമത്തിന് പിന്നില്ലെന്ന് കോൺഗ്രസ് ആരോപിച്ചു.

**********************

## ഐപിഎൽ

ഇന്ത്യ – പാക് സംഘർഷത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ഐപിഎൽ ക്രിക്കറ്റ് മത്സരം നാളെ മുതൽ പുനഃരാരംഭിക്കും. റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിലാണ് മത്സരം. രാത്രി 07.30 ന് ബംഗളൂരു ചിന്ന സ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. ഗുജറാത്ത് ടൈറ്റൻസാണ് പോയിൻറ് ടേബിളിൽ ഒന്നാം സ്ഥാനത്ത്. റോയൽ ചലഞ്ചേഴ്സ് ബംഗളൂരു രണ്ടാം സ്ഥാനത്തും പഞ്ചാബ് കിങ്സ് മൂന്നാം സ്ഥാനത്തുമുണ്ട്.

**********************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 306 പോയിന്റ് ഇടിഞ്ഞ് 82,224 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 82 പോയിന്റ് ഇടിഞ്ഞ് 24,979-ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ വർധന. ഗ്രാമിന് 110 രൂപ കൂടി 8720 രൂപയും, പവന് 880 രൂപ വർധിച്ച് 69,760 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

RNU TVPM

*

*************

******************************